<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3096**</u> <u>**01-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 വർഷത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും എത്ര പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | സ.ഉ.(സാധാ)നം.104/2023/പൊ.മ.വ തീയതി 02/02/2023 നമ്പർ ഉത്തരവ് പ്രകാരം 2022-23 വർഷത്തിൽ സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടി (CRIF) ൽ ഉൾപ്പെടുത്തി 30 പ്രവൃത്തികൾക്ക് 506.14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്രത്തിലേക്ക് എത്ര രൂപയുടെ പ്രവൃത്തികൾക്കുള്ള പ്രൊപ്പോസലാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് 71 പദ്ധതികൾക്കായി 1341.68 കോടി രൂപയുടെ പ്രൊപ്പോസലാണ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നത്. |
| (സി) | അനുമതിയ്ക്കായി സമർപ്പിച്ച പ്രൊപ്പോസലിലെ ആറാമത്തെ പ്രവൃത്തിയായ ചാത്തമംഗലം ഇഷ്ടികബസാർ സങ്കേതം മൂഴാപാലം-തെങ്ങിലക്കടവ് റോഡിന് അനുമതി ലഭിക്കാതെ പോയതിന്റെ കാരണം വിശദമാക്കാമോ; | (സി) | ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്യുന്ന റോഡുകളിൽ പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ്. |
| (ഡി) | കേന്ദ്രം വർഷത്തിൽ അനുവദിക്കുന്ന തുകയുടെ മൂന്നിരട്ടിയോളം വരുന്ന തുകയ്ക്കുള്ള പ്രവൃത്തികൾ അംഗീകാരത്തിനായി സമർപ്പിക്കാനിടയായ സാഹചര്യം വിശദമാക്കാമോ? | (ഡി) | ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്ത് ലഭ്യമാക്കുന്ന പ്രൊപ്പോസലുകളാണ് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുന്നത് |

സെക്ഷൻ ഓഫീസർ